## പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 4395 — 4.2.2014 ലെ മറുപടിയ്ക്ക്

### സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജെയിംസ് മാത്യു | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ എൽ.പി.,യു.പി., ഹൈസ്കൂൾ, ഹയർസെക്കൻഡറി വിഭാഗങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ സേവന – വേതന വ്യവസ്ഥകൾ സംബന്ധിച്ച് അന്തിമതീരുമാനം ആയിട്ടുണ്ടോ;<br>(ബി) എങ്കിൽ, പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഗ്രേഡ് പ്രമോഷൻ, ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ എന്നീ തസ്തികകളിലേയ്ക്കുള്ള പ്രമോഷൻ എന്നിവയുടെ മാനദണ്ഡങ്ങളും ചട്ടങ്ങളും വ്യക്തമാക്കാമോ; | (എ) യും (ബി) യും സർക്കാർ ഏറ്റെടുത്ത പഞ്ചായത്ത് സ്കൂളുകളിലെ എല്ലാവിഭാഗം ജീവനക്കാരുടെയും സേവനവ്യവസ്ഥകൾ സംബന്ധിച്ച് 20/1/2012 ലെ സ.ഉ(എം.എസ്) 20/12/പൊവിവ പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഹയർ സെക്കൻഡറി വിഭാഗത്തിലുള്ള ജീവനക്കാരുടെ സേവന വ്യവസ്ഥകൾ സംബന്ധിച്ചും മറ്റും ചില സ്പഷ്ടീകരണങ്ങൾ കൂടി ആവശ്യമാണെന്നു കണ്ടതിനാൽ പ്രസ്തുത വിഷയത്തിന്മേൽ പി.എസ്.സി യുടെ അഭിപ്രായം വാങ്ങിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നകാര്യം സജീവമായി പരിശോധിച്ചുവരുന്നു. |
| (സി) ഇത്തരം സ്കൂളുകളിൽനിന്നു വിരമിച്ച അദ്ധ്യാപക – അനദ്ധ്യാപക ജീവനക്കാരുടെ അർഹതപ്പെട്ട പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ;<br>(ഡി) തീരുമാനമാകാത്ത അപേക്ഷകൾ നിലവിലുണ്ടോ; എങ്കിൽ, പ്രസ്തുത അപേക്ഷകൾ എത്ര കാലയളവിനുള്ളിൽ തീർപ്പാക്കുമെന്നു പറയുമോ; | (സി) യും (ഡി) യും വിവരം ശേഖരിച്ചുവരുന്നു |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത സ്കൂളുകളിലെ ഹയർ സെക്കൻഡറി വിഭാഗത്തിലെ ജീവനക്കാരെ പി.എസ്.സി അംഗീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) | പഞ്ചായത്ത് സ്കൂളുകളിലെ ഹയർസെക്കൻഡറിയുൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളും 2.1.2010 ലെ ജി.ഒ(എം.എസ്)2/10/പൊവിവ പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ളതും, ജീവനക്കാരുടെ സർവ്വീസ് മാനദണ്ഡങ്ങൾ 20.1.2012 ലെ ജി.ഒ(എം.എസ്)20/12/പൊവിവ പ്രകാരം നിശ്ചയിക്കുകയും ചെയ്തിട്ടുള്ളതാണ്. മാനദണ്ഡങ്ങൾ സംബന്ധിച്ച ചില ഭേദഗതികൾ പരിശോധിച്ചുവരുന്നു. |

സെക്ഷൻഓഫീസർ